പത്രക്കുറിപ്പ്
6-12-2018

## ഹരിത തൊഴിൽ കർമസേന: റബർ ടാപ്പിംഗ് മേഖലയിൽ മികച്ച വരുമാനം നേടി കുടുംബശ്രീ വനിതകൾ

തിരുവനന്തപുരം: റബർ ടാപ്പിംഗ് മേഖലയിലെ തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കൂടുതൽ കുടുംബശ്രീ വനിതകൾ ഈ രംഗത്തേക്ക്. നിലവിലെ തൊഴിൽ സംരംഭങ്ങളിൽ നിന്നും പുതിയൊരു വരുമാനദായക തൊഴിൽമേഖല കണ്ടെത്തുന്നതിനോടൊപ്പം പ്രകൃതിദത്ത റബറിന്റെ ഉൽപാദനം വർധിപ്പിക്കുകയാണ് പദ്ധതി വഴി കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഈ മേഖലയിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി ഈ രംഗത്ത് നിലവിലുള്ള പതിനേഴ് ഹരിത തൊഴിൽ കർമസേനകൾക്കു പുറമേ 210 വനിതകൾക്കു കൂടി വിദഗ്ധ പരിശീലനം നൽകി പതിനാല് പുതിയ ഹരിത തൊഴിൽ കർമസേനകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കി.

കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 255 അയൽക്കൂട്ട വനിതകൾക്ക് കുടുംബശ്രീയും റബർ ബോർഡും സംയുക്തമായി റബർ ടാപ്പിങ്ങിൽ പരിശീലനം നൽകി പതിനേഴ് ഹരിത തൊഴിൽ കർമസേന രൂപീകരിച്ചിരുന്നു. ഇവർക്ക് യൂണിഫോം, തിരിച്ചറിയൽ കാർഡ്, ടാപ്പിങ്ങിനാവശ്യമായ ഉപകരണങ്ങൾ എന്നിവയും നൽകി. ഇപ്രകാരം പരിശീലനം പൂർത്തിയാക്കിയ എല്ലാവർക്കും റബർ ബോർഡിന്റെ തന്നെ പ്ളാന്റേഷനിൽ തൊഴിൽ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. റബർ ബോർഡ് നിർദേശിക്കുന്ന പ്ളാന്റേഷൻ ദൂരെയുള്ള സ്ഥലങ്ങളിലാണെങ്കിൽ അവിടെ പോയി തൊഴിൽ ചെയ്യാൻ സാധിക്കാത്ത അംഗങ്ങൾക്ക് സമീപ പ്രദേശങ്ങളിൽ റബർ ടാപ്പിങ്ങിനുള്ള സാധ്യതകൾ കണ്ടെത്തി വരുമാനം കണ്ടെത്താനും അവസരമുണ്ട്.

നിലവിൽ ഹരിത തൊഴിൽ കർമസേനയിലെ പല അംഗങ്ങളും സമീപ പ്രദേശങ്ങളിലെ റബർ ടാപ്പിങ്ങ് ചെയ്യുന്നതു വഴി പ്രതിമാസം ആറായിരത്തിലേറെ രൂപ വരുമാനം നേടുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലും മറ്റ് മേഖലകളിലും ജോലി ചെയ്യുന്ന ഹരിത തൊഴിൽ കർമസേനയിലെ അംഗങ്ങൾക്ക് അതോടൊപ്പം തന്നെ റബർ ടാപ്പിങ്ങിലൂടെയും അധിക വരുമാനം നേടാൻ കഴിയുമെന്നതാണ് പദ്ധതിയുടെ പ്രത്യേകത. അയൽക്കൂട്ട വനിതകൾക്ക് സുസ്ഥിര വരുമാനമാർഗമൊരുക്കുന്നതിനായി റബർ ടാപ്പിങ്ങിനൊപ്പം തേനീച്ച വളർത്തൽ പോലുള്ള ആകർഷകമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പിന്തുണയും തൊഴിൽ വൈദഗ്ധ്യ പരിശീലനവും കുടുംബശ്രീയും റബർ ബോർഡും സംയുക്തമായി നൽകും. നിലവിൽ ഈ മേഖലയിൽ സജീവമായ എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും റബർ ഉൽപാദക സംഘങ്ങളിൽ അംഗത്വം നൽകിയിട്ടുണ്ട്. ഇതിലൂടെ പദ്ധതി നടപ്പാക്കുന്ന തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ ഹരിത തൊഴിൽ കർമസേനയിലെ അംഗങ്ങൾക്ക് പ്രതിദിന വരുമാനത്തിനു പുറമേ അർഹമായ മറ്റ് ആനുകൂല്യങ്ങളും ലഭിക്കും.

നൂതനമായ തൊഴിൽ സംരംഭങ്ങളിലൂടെ കേരളത്തിലെ സാധാരണക്കാരായ വനിതകൾക്ക് മികച്ച ജീവനോപാധികളൊരുക്കിയ കുടുംബശ്രീയുടെ മറ്റൊരു ശ്രദ്ധേയമായ തുടക്കമാണിത്. ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ പതിനേഴ് കുടുംബശ്രീ വനിതകൾക്ക് പരിശീലനം പരിശീലനം നൽകിയ ശേഷം രാമമംഗലം റബർ ഉൽപാദക സംഘത്തിന്റെ നേതൃത്വത്തിൽ 'ഹരിത' എന്ന പേരിൽ തൊഴിൽ സേനയും രൂപീകരിച്ചിരുന്നു. ഇതു വിജയിച്ചതോടെയാണ് കൂടുതൽ വനിതകൾക്ക് ഈ മേഖലയിൽ പരിശീലനം നൽകാൻ തീരുമാനിച്ചത്. റബർ കൃഷി ഏറ്റവും കൂടുതലായുള്ള കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ അയൽക്കൂട്ട വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ